(സി) ഇത് പദ്ധതിക്ക് പൂർണ്ണ രൂപം നൽകുമ്പോൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

(ഡി) ഏഴാം ക്ളാസ് മുതൽ കംപ്യൂട്ടർ പഠനം ആരംഭിക്കുവാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

(ഇ) കോളേജ് വിദ്യാർത്ഥികൾക്ക് കംപ്യൂട്ടർ സാക്ഷരത നൽകുന്നതിന്റെ ഭാഗമായി കംപ്യൂട്ടർ സയൻസ് പഠന വിഷയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഉച്ചക്കഞ്ഞി വിതരണത്തിനുള്ള കേന്ദ്രസഹായം

44(424) ശ്രീ. കെ. സുധാകരൻ :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ എത്രാം ക്ളാസുവരെയുള്ള വർക്കാണ് ഉച്ചക്കഞ്ഞി നൽകുന്നത് ; എല്ലാ സാദ്ധ്യായ ദിവസങ്ങളിലും ഉച്ചക്കഞ്ഞി നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ ഈ ദിവസങ്ങളിൽ എന്നെങ്കിലും ഉച്ചക്കഞ്ഞി കൊടുക്കാതിരുന്ന സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സാദ്ധ്യായ ദിവസങ്ങളിൽ എത്രശതമാനം ദിവസങ്ങളിൽ ഉച്ചക്കഞ്ഞി കൊടുക്കാതെ ഉണ്ട് ;

(സി) ഉച്ചക്കഞ്ഞിക്കുവേണ്ടി കേന്ദ്രത്തിൽ നിന്ന് എന്തെല്ലാം സഹായം ലഭിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) കേന്ദ്രഗവൺമെന്റ് ഈ സഹായം നൽകുന്നതിനുള്ള വ്യവസ്ഥ എന്തെല്ലാമാണ് ; വ്യവസ്ഥകൾ സംസ്ഥാന ഗവൺമെന്റ് പാലിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) ഉച്ചക്കഞ്ഞിക്കുവേണ്ടി കേന്ദ്രഗവൺമെന്റ് സഹായം നൽകുന്നത് സംബന്ധിച്ച് എന്തെല്ലാം വ്യവസ്ഥകളാണ് പാലിക്കാതെയുള്ളത് ;

(എഫ്) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും കേന്ദ്രത്തിൽനിന്ന് ഉച്ചക്കഞ്ഞി നൽകുന്നതിനുവേണ്ടി കിട്ടിയിട്ടുള്ള സഹായം എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ജി) ഈ സഹായം പൂർണ്ണമായും വിനിയോഗിക്കാത്തപക്ഷം പ്രസ്തുത സഹായത്തിൽ എന്തെല്ലാം നഷ്ടമായി എന്ന് വ്യക്തമാക്കുമോ ;

(എച്ച്) കേന്ദ്രം നൽകിവന്ന സഹായത്തിൽ മിച്ചം വന്നത് എപ്രകാരം വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ ; അത് അപ്രകാരം വിനിയോഗിക്കുവാൻ കേന്ദ്രത്തിന്റെ അനുമതി വാങ്ങിയിരുന്നോ ;

(ഐ) ഉച്ചക്കഞ്ഞി വിതരണത്തിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് എന്തെല്ലാമാണ് ചെയ്തുവരുന്നത് ; വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ ഗവൺമെന്റ്, എയിഡഡ് മേഖലയിലെ വിദ്യാലയങ്ങളിലെ 1 മുതൽ 7 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്കാണ് ഉച്ചഭക്ഷണം നൽകുന്നത്. പരീക്ഷാ ദിവസങ്ങൾ ഒഴികെയുള്ള എല്ലാ സാദ്ധ്യായദിവസങ്ങളിലും ഉച്ചക്കഞ്ഞി നൽകുന്നുണ്ട്. ഉച്ചക്കഞ്ഞി കൊടുക്കാതിരുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പരീക്ഷാ ദിവസങ്ങൾ ഒഴികെയുള്ള സാദ്ധ്യായദിവസങ്ങളിലെ ഉച്ചക്കഞ്ഞി വിതരണത്തിന് മുടക്കം വന്നിട്ടില്ല.

(സി) കുട്ടി ഒന്നിന് പ്രതിദിനം 100 ഗ്രാം അരി എന്ന തോതിൽ കേന്ദ്രഗവൺമെന്റ് അനുവദിക്കുന്നു. കൂടാതെ കിന്റലിന് 50 രൂപാ നിരക്കിൽ കേന്ദ്രഗവൺമെന്റ് അനുവദിക്കുന്ന അരിക്കുള്ള കടത്തുകൂലിയും ലഭിക്കുന്നു.

(ഡി&ഇ) ഓരോ വർഷവും സെപ്തംബർ 30-ലെ ഒന്നു മുതൽ അഞ്ചു വരെ ക്ലാസുകളിലെ കുട്ടികളുടെ എണ്ണത്തെ അടിസ്ഥാനപ്പെടുത്തിയാണ് അടുത്ത വർഷത്തേയ്ക്ക് ഇന്ത്യാഗവൺമെന്റ് അരി അനുവദിക്കുന്നത്. ബ്ലോക്ക്തലത്തിലാണ് കുട്ടികളുടെ വിവരം നൽകേണ്ടത്. ഒരു അദ്ധ്യായനവർഷം 80% ഹാജർ ഉള്ള വിദ്യാർത്ഥികൾക്കാണ് ഇൻഡ്യാഗവൺമെന്റ് പദ്ധതിപ്രകാരം ഉച്ചക്കഞ്ഞിക്ക് അർഹതയുള്ളത്. ഇന്ത്യാഗവൺമെന്റ് ഒരു വർഷത്തേക്ക് അനുവദിക്കുന്ന അരിയിൽനിന്നും ഒരു മാസത്തെ അരി ഉപയോഗിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയാൽ മാത്രമേ അടുത്ത മാസത്തെ അരി ഹുഡ് കോർപ്പറേഷനിൽനിന്നും ഏറ്റെടുക്കുവാൻ അനുവദിക്കുകയുള്ളൂ. ഓരോ വർഷവും ഏറ്റെടുക്കുന്ന അരിയുടെ കണക്ക് ഇന്ത്യാഗവൺമെന്റിന് സമർപ്പിക്കുമ്പോൾ കിന്റലിന്ന 50 രൂപാ നിരക്കിൽ കടത്തുകൂലിയും ലഭിക്കുന്നു. ഇന്ത്യാഗവൺമെന്റിന്റെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ട്.

(എഫ്) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 1997-98 വർഷം 62797.076 മെട്രിക് ടൺ അരിയും 1998-99 വർഷം 48022.887 മെട്രിക് ടൺ അരിയും 1999-2000 വർഷം 49853.100 മെട്രിക് ടൺ അരിയും ഇന്ത്യാ ഗവൺമെന്റ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. ഭക്ഷണ സാധനങ്ങൾക്കുള്ള കടത്തുകൂലി ഇനത്തിൽ 1997-98 വർഷം 3,11,92,032 രൂപയും 1998-99 വർഷം 2,14,93,717 രൂപയും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. 1999-2000 വർഷത്തേയ്ക്ക് ലഭിക്കാനുള്ള തുകയായ 2,47,20,898 രൂപ ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ട്.

(ജി) നഷ്ടമായിട്ടില്ല.

(എച്ച്) മിച്ചം വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) ഇന്ത്യാ ഗവൺമെന്റിന്റെ സമഗ്ര പോഷകാഹാര പദ്ധതി ആരംഭിക്കും മുമ്പ് സംസ്ഥാനത്ത് നിലനിന്നിരുന്ന പദ്ധതിയുടെ ഗുണഭോക്താക്കളായിരുന്ന 6-7 ക്ളാസുകളിലെ വിദ്യാർത്ഥികളെക്കൂടെ ഉൾപ്പെടുത്തി പദ്ധതി വ്യാപിപ്പിക്കുകയും 60 ഗ്രാം അരിയും, സംസ്ഥാന ഗവൺമെന്റ് വിഹിതമായ പോഷകമൂല്യം കൂടുതലുള്ള 30 ഗ്രാം പയറോ, മറ്റ് പയറുൽപ്പന്നങ്ങളോ ചേർത്ത് പാകംചെയ്തശേഷം ഭക്ഷണം 1 മുതൽ 7 വരെ ക്ളാസ്സുകളിലെ കുട്ടികൾക്ക് നൽകുന്നു. ഇന്ത്യാ ഗവൺമെന്റ് അനുവദിച്ചതിൽനിന്നും സിവിൽസപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുക്കുന്ന അരിക്ക് കടത്ത് കൂലിയായി ക്വിന്റലിന് 140 രൂപ സംസ്ഥാന സർക്കാർ നൽകുന്നു. ഉച്ച ഭക്ഷണം തയ്യാറാക്കുന്നതിനുള്ള പാചകക്കൂലി അടക്കമുള്ള കണ്ടിജൻസി ചാർജ്ജും നൽകുന്നു. പയറുൽപ്പന്നങ്ങളുടേയും ഭക്ഷ്യഎണ്ണയുടേയും വില സിവിൽ സപ്ലൈസ് കോർപ്പറേഷനു നൽകുന്നു. ഇന്ത്യാ ഗവൺമെന്റ് അനുവദിക്കുന്ന അരിയോടൊപ്പം സംസ്ഥാനസർക്കാർ പൊതുവിതരണ ശൃംഖലയിൽ നിന്നും വിലയ്ക്കെടുക്കുന്ന അരിയും ചേർത്ത് ദൈനംദിന ഭക്ഷണവിതരണത്തിനുപുറമെ, ഓണം, ക്രിസ്തുമസ്, റംസാൻ എന്നീ അവസരങ്ങളിൽ കുട്ടി ഒന്നിന് ഓരോ വിശേഷ ദിവസത്തിനും 5 കിലോഗ്രാം അരി വീതം സൗജന്യമായി നൽകുന്നു.

ഉച്ചക്കഞ്ഞിക്കുള്ള കേന്ദ്രസഹായം

45(425) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ബാലറാം :
ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികൾക്ക് സൗജന്യമായി ഭക്ഷണം വിതരണം ചെയ്യുന്നതിന് കേന്ദ്രഗവൺമെന്റിൽനിന്നും എത്ര ടൺ അരിവീതമാണ് പ്രതിവർഷം സംസ്ഥാനത്തിന് ലഭിക്കുന്നത് ;

(ബി) ഇത് എന്നുമുതലാണ് ലഭിക്കാൻ തുടങ്ങിയതെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ വർഷവും എത്ര വിദ്യാർത്ഥികൾക്കു വീതം ഭക്ഷണം നൽകുന്നതിനാണ് കേന്ദ്രഗവൺമെന്റ് അരി നൽകുന്നത് ;

(ഡി) ഓരോ വർഷവും എത്ര വിദ്യാർത്ഥികൾക്കുവീതം ഭക്ഷണം നൽകി ;

(ഇ) ഓരോ വിദ്യാർത്ഥികൾക്കും പ്രതിദിനം എത്ര അരിയാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇതിൽ പ്രതിദിനം എത്ര ഗ്രാം അരിയാണ് ഓരോ കുട്ടിയുടേയും ഭക്ഷണത്തിനായി വിനിയോഗിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly